## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6231** **10-07-2024 - ൽ മറുപടിയ്ക്ക്**

## താത്കാലിക/കരാർ ജീവനക്കാരുടെ എണ്ണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ് | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വനം വകുപ്പിൽ നിലവിൽ എത്ര താത്കാലിക/കരാർ ജീവനക്കാരുണ്ടെന്ന വിവരം ലഭ്യമാക്കാമോ; | (എ) | വനം വകുപ്പിൽ നിലവിൽ 3065 താത്കാലിക ജീവനക്കാരും, ആറ് കരാർ ജീവനക്കാരുമുണ്ട്. |
| (ബി) | പ്രസ്തുത ജീവനക്കാരിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമിക്കപ്പെട്ടവർ എത്രപേരാണെന്ന് അറിയിക്കാമോ; | (ബി) | പ്രസ്തുത ജീവനക്കാരിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമിക്കപ്പെട്ടവർ ആരും തന്നെയില്ല. |
| (സി) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയല്ലാതെയുള്ള നിയമനങ്ങൾ മറ്റ് ഏതെല്ലാം രീതിയിലാണ് നടത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (സി) | വനം വന്യജീവി സംരക്ഷണ ത്തിന്റെ ഭാഗമായുള്ള ജോലികൾക്കും, ഇക്കോടൂറിസം കേന്ദ്രങ്ങളുടെ നടത്തിപ്പുമായി ബന്ധപ്പെട്ടും, കാട്ടുതീ തടയൽ, നഴ്സറി തയ്യാറാക്കൽ തുടങ്ങിയ സീസണൽ വർക്കുകൾക്കും ഇൻസ്പെക്ഷൻ ബംഗ്ലാവ്, ഡോർമിട്ടറികളുടെ പരിപാലനം, മനുഷ്യ വന്യജീവി സംഘർഷ ലഘൂകരണം തുടങ്ങിയ ജോലികൾ ക്കായും പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗക്കാർ ഉൾപ്പെടെയുള്ള തദ്ദേശിയരായ ആളുകളെ ജോലി യുടെ ആവശ്യകതയും, ഫണ്ടിന്റെ ലഭ്യതയും അനുസരിച്ച് ഒരു നിശ്ചിത കാലയളവിലേക്ക് താൽക്കാലികാടിസ്ഥാനത്തിൽ നിയമിക്കാറുണ്ട്.<br><br>റീബിൽഡ് കേരള ഡെവലപ്മെന്റ് പദ്ധതിയിൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റി തീരുമാനപ്രകാരം രണ്ട് പേരെ വനം വകുപ്പാസ്ഥാനത്തും, ബഹു. വനം വകുപ്പ് മന്ത്രി അദ്ധ്യക്ഷനായ കോട്ടൂർ ആന പുനരധിവാസ കേന്ദ്രത്തിന്റെ ഉന്നതാധികാര സമിതി തീരുമാന പ്രകാരം മൂന്ന് പേരെ കോട്ടൂർ ആന പുനരധിവാസ കേന്ദ്രത്തിലും, പാലക്കാട് ഡിവിഷൻ പരിധിയിൽ നബാർഡ് സ്കീമിൽ ഇക്കോ റെസ്റ്റോറേഷൻ അസിസ്റ്റന്റായി ഒരാളെയും കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ